# ജി. എൽ. പി. എസ്.
# കോട്ടാത്തല

# മാസ്റ്റർ പ്ലാൻ

## 2025 - 26

Scanned with OKEN Scanner

# ആമുഖം

വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന ലക്ഷ്യം ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ഇതിന്റെ ഭാഗമായി ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായ ഘട്ടത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്ത പ്രകാരവും ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കേണ്ടതുണ്ട്.

അക്കാദമികമായി ഇക്കാര്യങ്ങൾ ഉറപ്പാക്കാൻ എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായി ആസൂത്രണം ചെയ്യണം. ഈ അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി കുട്ടികളെ അവരുടെ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയും. ഇങ്ങനെ ഈ സ്ഥാപനത്തിലെ (ജി. എൽ. പി. എസ് കോട്ടത്തല) മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി അവരുടെ അക്കാദമിക വളർച്ചയ്ക്കു വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക മാസ്റ്റർ തയ്യാറാക്കാൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സുപ്രധാനരേഖയുടെ ആസൂത്രണം നമുക്ക് തുടങ്ങാം.

# എന്റെ സ്കൂൾ.

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഗവ. എൽ. പി. എസ്. കോട്ടാത്തല |
| വില്ലേജ് | : | പുത്തൂർ |
| ബ്ലോക്ക് | : | വെട്ടിക്കവല |
| ഗ്രാമപഞ്ചായത്ത് | : | മൈലം |
| സി. ആർ. സി. | : | ഗവ. കെ. വി. എൽ. പി. എസ് മൈലം. |
| ജില്ല | : | കൊല്ലം. |
| എ. ഇ. ഒ. | : | കുളക്കട |
| ബി. ആർ. സി. | : | കുളക്കട. |
| ഹെഡ്മിസ്ട്രസ് | : | സിന്ധുകുമാരി. എസ്. |
| ഫോൺ നമ്പർ | : | 9744430318 |
| ഇ. മെയിൽ | : | glpskottathala123@gmail.com. |

Scanned with OKEN Scanner

## ലക്ഷ്യങ്ങൾ :

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഓരോ ക്ലാസ്സിലും നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
- ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അദ്ധ്യാപക രക്ഷിതാക്കളെ ബോധ്യപ്പെടുത്തും.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ എഴുതാനും വായിക്കാനും സാധിക്കും എന്ന് ഉറപ്പുവരുത്തും.
- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാക്കും.
- കുട്ടികളിൽ നേതൃത്വഗുണം, പരസ്പരബഹുമാനം, പൊതുനന്മക്കുവേണ്ടി ഒന്നിച്ചു പ്രവർത്തിക്കൽ തിന്മകളോടും വിവേചനങ്ങളോടും നിലപാട് സ്വീകരിക്കൽ എന്നിവ വളർത്തും.
- കുട്ടിയുടെ സർഗപരവും അക്കാദമികപരവും കായികപരവുമായി കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിക്കും.

Scanned with OKEN Scanner

## സ്കൂളിന്റെ മികവാർന്ന പ്രവർത്തനങ്ങൾ

എല്ലാ ദിവസവും അസംബ്ലിയോടു കൂടി ആരംഭിക്കുന്ന പഠനപ്രക്രിയ മികവുറ്റതാക്കാൻ കൃത്യമായ പിന്തുണ ഈ സ്കൂളിൽ നിന്ന് കുട്ടികൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു. ഇംഗ്ലീഷ് അസംബ്ലി, വൈവിധ്യമാർന്ന പ്രവർത്തനങ്ങളുടെ അവതരണം (വാർത്തകൾ, GK, കടങ്കഥ, പ്രസംഗം, പാട്ട്) എല്ലാ അസംബ്ലിയിലും നടത്തി വരുന്നു.

കൃത്യമായ ക്ലാസ്സ്‌റൂം പഠനം, ലൈബ്രറി പുസ്തകവിതരണം വായനക്കുറിപ്പ് തയ്യാറാക്കൽ, ക്ലാസ്സ് ലൈബ്രറി സജ്ജീകരണം അധിക വായനയെ പരിപോഷിപ്പിക്കുന്നു. അമ്മ വായന പരിപോഷിപ്പിക്കാൻ അമ്മമാർക്ക് ലൈബ്രറി പുസ്തകം വിതരണം നടത്തി വരുന്നു. ലൈബ്രറി പുസ്തകവിതരണം 'വീട്ടിലേക്ക്' എന്ന പദ്ധതി വീട്ടിലിരുന്നും വായന നടത്താൻ സഹായിക്കുന്നു.

ദിനാചരണങ്ങൾ അവയുടെ പ്രാധാന്യം ബോധ്യപ്പെട്ട പ്രവർത്തനങ്ങൾ ക്ലാസ്സ്‌റൂം പ്രവർത്തനങ്ങളുമായി കോർത്തിണക്കി മുന്നോട്ട് പോകുന്നു. വിവിധതരം ക്ലബ്ബുകൾ പ്രവർത്തന സജ്ജമാണ്. സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ പരീക്ഷണങ്ങളും പരീക്ഷണക്കുറിപ്പുകളും തയ്യാറാക്കുന്നു. വിദ്യാരംഗം ക്ലബ് ഭാഷാപരമായ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു. ഗണിതക്ലബ് ഗണിത പ്രവർത്തനങ്ങൾ നടത്തി വരുന്നു.

കൃത്യമായ യൂണിറ്റ് ടെസ്റ്റുകൾ കുട്ടികളുടെ പഠനപുരോഗതി അവ കൃത്യമായി രേഖപ്പെടുത്തുകയും ചെയ്തു വരുന്നു. മാസത്തിലൊരിക്കൽ CPTA, PTA എന്നിവ കൂടുന്നു. SRG 2 ആഴ്ചയിലൊരിക്കൽ കൂടി വരുന്നു. ശാസ്ത്രമേളയിലും കലോത്സവമേളയിലും പങ്കെടുക്കുന്ന കുട്ടികൾക്ക് ആവശ്യമായ പരിശീലനം ജൂൺ ആദ്യവാരം മുതൽ പരിശീലിപ്പിക്കുന്നു



Scanned with OKEN Scanner

നാലാം ക്ലാസിലെ കുട്ടികൾക്ക് LSS പരിശീലനം ആദ്യ ആഴ്ചകളിൽ തന്നെ ഇടക്കാമിടുന്നു. വിവിധ തരം ക്വിസുകൾ സൂചിപ്പിച്ചിട്ടുണ്ട്. ആഴ്ചയിൽ ഒരോ ദിവസം ക്ലാസിൽ പ്രവർത്ത നങ്ങൾ നടത്തി വരുന്നുണ്ട്. വിദ്യാരംഗം, ഗണിതം, സയൻസ് സുരക്ഷ ഇടങ്ങളിൽ ക്ലബ്ബുകളുടെ. പ്രവർത്തനം കൃത്യമായി നടന്നുവരുന്നു.

ഭൗതികനേട്ടങ്ങൾ

2024-25 വർഷത്തിൽ തകർന്നുകിടന്ന മേൽക്കൂര പുതുക്കി പണിഞ്ഞു ക്ലാസുമുറി സജ്ജമാക്കി. പ്രവർത്തനക്ഷമമായ Projector കുട്ടികളുടെ പഠനവേഗത്തിലാക്കാൻ സഹായിക്കുന്നു. Tv, Speaker, Voice Recorder, Pen drive എന്നിവയും ലൈബ്രറി തലത്തിൽ ലഭ്യമായി.

സ്കൂൾ മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള Bio Bin Panchayat ൽ നിന്നും ലഭിച്ചു. പഴക്കം ചെന്ന Toilet കൾ മാറ്റി പുതുക്കിപ്പണിയാം എന്ന് പഞ്ചായത്തിൽ നിന്നും വാക്കാൽ അറിയിച്ചിട്ടുണ്ട്.

കൃത്യതയോടും ചിട്ടയോടും കൂടിയുള്ള പഠനം. സ്കൂളിലെ അക്കാദമിക പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ -1

ക്ലാസ് - 1

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## സ്കൂൾതല പ്രവർത്തനങ്ങളുടെ ഫോർമാറ്റ്

Std I മലയാളം

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം വിശദ് |
|---|---|---|---|---|---|
| 1. | വിവരണം. | • ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ<br>• ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ വായിച്ച് വിവരിക്കാം<br>നാടകീയ പാഠങ്ങളെ ഉരു കഥാപാത്രങ്ങൾ തനതായ വ്യക്തി വ്യവഹാരരൂപത്തി പറയൽ, ഇതുവരെ വരികൾ കൂട്ടിച്ചേർക്കൽ | ജൂൺ മാസം | SRG | |
| ഗണിതം | | | | | |
| 2. | സങ്കലനം | • 1 [illegible] കൂട്ടൽ<br>• ഒറ്റ സംഖ്യ പാറ്റേണും ഇരട്ട സംഖ്യ പാറ്റേൺ<br>• പാറ്റേണുകൾ പരിചയപ്പെടൽ<br>• ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ | JSt Team | SRG. | |

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| EVS. 3 | തരംതിരിക്കൽ | • വീട്ടുപകരണങ്ങളുടെ ചിത്രങ്ങൾ ശേഖരിക്കൽ<br>• ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കൽ<br>[illegible] | ജൂൺമാസം | SRG. Cl. Tr. | | |
| 4. | വിതരണം | • മഴക്കാലങ്ങൾ<br>പാട്ടുകൾ, കഥകൾ<br>• വെള്ളം പ്രയോജനപ്പെടുത്തൽ | ജൂലൈമാസം | SRG Cl. Tr. | | |
| 5. | സംഖ്യാബോധം | • സാധനസാമഗ്രികളായി 2 മുതൽ 9 വരെ സംഖ്യകളെ വ്യത്യസ്തരീതിയിൽ വ്യാഖ്യാനിക്കൽ | ജൂലൈ ആഗസ്റ്റ് | SRG Cl. Tr. | | |
| 6. | തരംതിരിക്കൽ | • ജീവികളെ വെള്ളത്തിൽ ജീവിക്കുന്നവ/കരയിൽ ജീവിക്കുന്നവ എന്നിങ്ങനെ തരംതിരിച്ച് സവിശേഷതകൾ പറയൽ | " | " | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 7. | വായന | * വായനാകാർഡുകൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവ വായിച്ച് ആശയം ഗ്രഹിക്കൽ.<br>* ഗ്രഹിച്ച ആശയങ്ങൾ അവതരിപ്പിക്കൽ.<br>* ചിത്രവായനയിൽ ഗ്രഹിച്ച ആശയങ്ങൾ പറയൽ | സെപ്റ്റം: 20 വരെ | SRG CPTA | | |
| 8. | ഗണിതം സങ്കലനം വ്യവകലനം | * ഉദാ: 10ൽ താഴെ വരുന്ന രണ്ടക്ക സംഖ്യകളുടെ സങ്കലനം, വ്യവകലനം.<br>സാധനങ്ങളുമായുള്ള അനുഭവങ്ങൾ കളികളിൽ പ്രശ്ന പരിഹരണത്തിന് പ്രാപ്തരാക്കൽ.<br>മുത്തുകൾ, മഞ്ചാടി, ചിത്രങ്ങൾ, കുരുക്കൾ എന്നിവ എടുത്ത് ഉപയോഗിച്ച് സങ്കലനാശയങ്ങൾ ഉറപ്പിക്കൽ. | " | " | | |
| 9. | EVS തരംതിരിക്കൽ | നിറം, വലുപ്പം, എന്നിവയുടെ അടിസ്ഥാനത്തിൽ | " (2) | " | | |

| സമയം | മേഖല | പ്രവർത്തനങ്ങൾ | നിർവ്വഹണ ചുമതല | കാലയളവ് | സാമഗ്രികൾ | റിമാർക്സ് |
|---|---|---|---|---|---|---|
| മിനി 10 | ആഘോഷങ്ങളുമായി ബന്ധപ്പെട്ട അനുഭവങ്ങൾ പറയൽ കുട്ടിക്കവിതകൾ/ പാട്ടുകൾ എന്നിവ ചൊല്ലുന്നു/ പാടുന്നതിന് | ആഘോഷം/ ഉത്സവം എന്നിവയുമായി ബന്ധപ്പെട്ട് മറ്റുള്ളവരുടെ അനുഭവങ്ങൾ കേൾക്കുകയും സ്വന്തം അനുഭവങ്ങൾ പറയുകയും ചെയ്യുന്നു. ആഘോഷങ്ങളുമായി ബന്ധപ്പെട്ട പാട്ടുകൾ പാടുന്നു. ചൊല്ലുന്നു | SRG / CI. Tr. | ഏപ്രി. 20 മുതൽ | | |
| 15. | ചിത്രപുസ്തകങ്ങളിലെ വിവിധതരം സസ്യങ്ങളെ തിരിച്ചറി- യൽ, തിരിച്ചറിയൽ | ചിത്രപുസ്തകത്തിലെ വിവിധതരം സസ്യങ്ങളെ തിരിച്ചറിയുകയും പ്രത്യേകതകൾ വിശദമാക്കുകയും ചെയ്യുന്നു | | ഒപ്രം 15 വരെ | | |
| നിരന്തരം | സങ്കലനം, വ്യവകലനം | −, + ചിഹ്നങ്ങൾ ചേർത്ത രൂപത്തിൽ പ്രസ്താവനകൾ വായിക്കുകയും സ്വയം സങ്കലനമായും ആശയത്തിന്റെ കാര്യത്തിൽ വസ്തുക്കൾ ചിഹ്നങ്ങൾ ഉപയോഗിച്ച് എഴുതുകയും ചെയ്യുന്നു. '0' എന്ന ധാരണയുണ്ടാക്കൽ | | | | |

| ക്രമനമ്പർ | മേഖല | പ്രവർത്തനം | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | [illegible] |
|---|---|---|---|---|---|---|
| 13. | ഭാഷ | ലേഖനം. വായിച്ച ഭാഗത്തെ ആശയം സ്വന്തമായി എഴുതുന്നു. ചിഹ്നങ്ങൾ യോജിച്ച രീതിയിൽ ഉപയോഗിക്കുന്നു. ഇതുവരെ പരിചയപ്പെട്ട അക്ഷരങ്ങൾക്കും ചിഹ്നങ്ങൾക്കും തെളിവ് നൽകുന്ന ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | സെപ്: 15 വരെ. | SRG Cl.Tr. CPTA | | |
| 14 | EVS. | ആരോഗ്യം. ശുചിത്വ ശീലങ്ങൾ. ശരിയായ ആരോഗ്യത്തിന് ശുചിത്വശീലം വ്യായാമശീലം ഇവ ബോധ്യപ്പെടുത്തുന്ന സ്കൂൾ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. പോസ്റ്റർ നിർമ്മാണം പ്ലക്കാർഡ് നിർമ്മാണം | " | " | | |
| 15 | ഗണിതം '9' ന്റെ വ്യാഖ്യാനം | '9' ന്റെ കൂട്ടത്തെ ആശയങ്ങളിലൂടെ [illegible] | " | | | |



Scanned with OKEN Scanner

| ക്രമനമ്പർ | മേഖല | | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 16 | ഭാഷ | വായന ലേഖനം | ഇതുവരെ പരിചയപ്പെട്ട അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകുന്ന ലേഖന പ്രവർത്തനങ്ങൾ. എഴുത്തിലെ മികവിന് വായന വായനാക്കാർഡുകൾ ബാലപ്രസിദ്ധീകരണങ്ങൾ എന്നിവ വായിച്ച് ഗ്രഹിച്ച ആശയം സ്വന്തമായി എഴുതൽ | ഡിസംബർ 15 വരെ | SRG CI-Tr CPTA | | |
| 17 | EVS | ശുചിത്വം ആരോഗ്യം ആഹാരം | ശരിയായ ആരോഗ്യത്തിന് ശരിയായ ആഹാരശീലങ്ങളും വ്യായാമശീലങ്ങളും [illegible] പ്രവർത്തനങ്ങൾ. | ” | ” | | |
| 18 | 10ന്റെ കൂട്ടങ്ങളും വിലയറിയൽ. | | മുത്തുമണികൾ, അബാക്കസ് എന്നിവ ഉപയോഗിച്ച് 10ന്റെ കൂട്ടങ്ങൾ ഗ്രഹിക്കുന്നു. | ” | ” | | |



Scanned with OKEN Scanner

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 19 ഭാഷ | കൃഷിയുമായി ബന്ധപ്പെട്ട അനുഭവങ്ങൾ | നമ്മുടെ നാട്ടിലെ കൃഷികൾ<br>കൃഷിരീതികൾ പരിചയപ്പെടൽ<br>കൃഷിപ്പാട്ടുകൾ ശേഖരിക്കൽ<br>പതിപ്പ് തയ്യാറാക്കൽ | ജനുവരി | SRG<br>Cl. Tr.<br>CPTA | |
| 20 EVS. | വിളകളുടെ ഉപയോഗം | ആഹാരമായി ഉപയോഗിക്കുന്ന സസ്യഭാഗങ്ങൾ<br>പയർ മുളപ്പിച്ച് നടൽ (ലഘുപരീക്ഷണം)<br>സസ്യഭാഗങ്ങളുടെ ചാർട്ട് | | | |
| 21. ഗണിതം. | സംഖ്യകളുടെ വലുപ്പമനുസരിച്ച് ക്രമീകരിക്കൽ | ആരോഹണ അവരോഹണ ക്രമം പരിചയപ്പെടൽ<br>രണ്ടക്ക സംഖ്യകളുള്ള സംഖ്യകളുടെ തുകയായി ക്രമീകരിക്കൽ<br>TLM സംഖ്യാകാർഡുകൾ<br>കിന്നരമുത്തുകൾ<br>സംഖ്യാപാട്ടുകൾ | | | |



Scanned with OKEN Scanner

| ആശയങ്ങൾ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക വിശദം |
| --- | --- | --- | --- | --- | --- |
| 1. ഭാഷ. | വാഹനങ്ങളുമായി ബന്ധപ്പെട്ട പ്രാദേശിക വാക്കുകൾ നേടുന്നു. | വാഹനങ്ങളുടെ ചിത്രങ്ങൾ നിരീക്ഷിച്ച് പ്രത്യേകതകൾ പറയുന്നു.<br>വാഹനങ്ങളെക്കൊണ്ടുള്ള പ്രയോജനങ്ങൾ<br>കുട്ടിപ്പാട്ടുകൾ, കടംകഥ പാട്ടുകൾ<br>ബാല ആനുകാലികങ്ങളിൽ നിന്ന് ചിത്രങ്ങളിലെ കാര്യങ്ങൾ പകർത്തിവരച്ച് നിർമ്മിക്കുന്നു. | ജനുവരി | SRG<br>Cl. Tr.<br>CPTA | |
| 2. EVS. | വാഹനങ്ങളുടെ തരം തിരിക്കൽ | അടിസ്ഥാനങ്ങൾ<br>വാഹനങ്ങളുടെ ഗുണവും ദോഷങ്ങളും - ചർച്ച.<br>അന്തരീക്ഷ മലിനീകരണം<br>ഇന്ധന ചെലവ്,<br>സൈക്കിൾ സവാരി - വ്യായാമം | " | " | |
| 3. ഗണിതം | ചക്രങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കൽ<br>2ന്റെ കൂട്ടങ്ങൾ<br>3ന്റെ കൂട്ടങ്ങൾ | ചിത്രങ്ങളിൽ നിന്ന് 4ന്റെ കൂട്ടം, 3ന്റെ കൂട്ടം, 2ന്റെ കൂട്ടം എന്നീ കൂട്ടങ്ങളുടെ എണ്ണം കാണൽ | " | " | |



Scanned with OKEN Scanner

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തിക ... |
| --- | --- | --- | --- | --- | --- |
| 25. | പൊതുസ്ഥാപനങ്ങൾ സന്ദർശനം, യാത്രാ രേഖ | മിൽമ, പോസ്റ്റ് ഓഫീസ്, ആശുപത്രി, വായനശാല, തുടങ്ങിയ പൊതുസ്ഥാപനങ്ങളുടെ സന്ദർശനം - യാത്രാ രേഖ<br>വാർത്താ വിനിമയ മാർഗങ്ങൾ - കളിഫോൺ നിർമ്മാണം<br>അവതരിപ്പിക്കൽ<br>വായനശാലയിലെ പുസ്തകങ്ങളിൽ വായിച്ച കഥകളുടെ ചുരുക്കം പറയൽ | മെയ് | SRG<br>PTA<br>CPTA | |
| 26. | EVS.<br>ഓരോ ആവശ്യത്തിനായി നമ്മൾ ഏത് സ്ഥാപനത്തിലാണ് പോകുന്നത് - കണ്ടെത്തൽ | പൊതുസ്ഥാപനങ്ങളുടെ ചിത്രങ്ങൾ ശേഖരിക്കൽ | " | " | |
| 27 | സമയം, ദൂരം, നീളം എന്നിവയുമായി ബന്ധപ്പെട്ട ആശയങ്ങൾ | വീട്ടിൽ നിന്ന് സ്കൂളിലേക്കുള്ള ദൂരം, വീട്ടിൽ നിന്ന് ഇറങ്ങുന്ന സമയം, ബുക്കിന്റെ നീളം തുടങ്ങിയ പരിമിതികളുമായി ധാരണകൾ നേടുന്നു. | " | " | |

| Sl No. | LO | Activities | Period | Responsibility | Remarks |
| --- | --- | --- | --- | --- | --- |
| 1. | Friendship | • Gives more opportunities to hear and respond english.<br>• Speaks about the characters in the story | June<br>July | SRG<br>Cl. Tr.<br>CPTA | |
| 2. | Fantasy and humour | * Picture reading.<br>* Story telling<br>* Familiarize with the numbers and groups<br>* Repeats simple rhymes rhythmically. | Aug.<br>Sept: | " | |
| | | * Complete the worksheets.<br>* Through continuous practice familiarize with the action words. | Octo:<br>Nov: | " | |
| | Realize One's strength and weaknesses | * Familiarize with young ones around us.<br>* Description by using Concept maps.<br>* Introduces body parts | Decem.<br>Jan: | " | |
| | | * Parts of Vehicles<br>* Collection of riddles | Feb: | " | |



Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ്സ് - 2

Scanned with OKEN Scanner

## ഉള്ളടക്കം


1. ആമുഖം
2. പ്രവർത്തന കലണ്ടർ
3. മലയാള മധുരം
4. സംയുക്ത ഡയറി
5. പാഠങ്ങ്
6. സചിത്ര പുസ്തകം
7. റീഡേഴ്സ് തിയേറ്റർ
8. നാട്ടുവിശേഷം കൂട്ടെഴുത്ത്
9. ക്ലാസ് പത്രം
10. രചനോത്സവം
11. ഭാഷോത്സവം.
12.
13.
14.


Scanned with OKEN Scanner

# ആമുഖം

സ്കൂളിൽ 2024-25 അധ്യയന വർഷം കുട്ടികൾ രണ്ടാം ക്ലാസ് ഡിവിഷനിൽ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്കു വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പ്രവർത്തനങ്ങൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലും അക്കാദമിക മാസ്റ്റർപ്ലാൻ തയാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാകുന്നതിനു വേണ്ടിയാണ്.

## വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം.

* ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർപ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘുബാലസാഹിത്യ കൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാതെ ഭാഷയിൽ എഴുതുന്നതിനും കഴിവു നേടുന്നു.
* രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്ത ഡയറി എഴുതി തുടങ്ങുകയും കുട്ടികൾ സ്വതന്ത്രരചയിതാക്കൾ ആവുകയും ചെയ്യുന്നു.
* സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകൾ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കും.
* സ്കൂളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് പി.ടി.എ കൾ ശക്തിപ്പെടുത്തും.
* സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാകും.

Scanned with OKEN Scanner

# പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവഹണ കാലം |
|---|---|---|
| 1 | പ്രവർത്തന കലണ്ടർ | മെയ് |
| 2 | മലയാള മധുരം | ജൂൺ - മാർച്ച് |
| 3. | സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| 4. | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 5 | സചിത്ര പുസ്തകം | ജൂൺ - മാർച്ച് |
| 6 | റീഡേഴ്സ് തീയേറ്റർ | ജൂലൈ - മാർച്ച് |
| 7 | നാട്ടുവിശേഷം കുറിപ്പുകൾ | ജൂലൈ - മാർച്ച് |
| 8 | ക്ലാസ് പത്രം | ഓഗസ്റ്റ് മുതൽ മാസം ഒരെണ്ണം വീതം |
| 9 | രചനോത്സവം | ജൂലൈ മുതൽ ഫെബ്രുവരി വരെ മാസംതോറും |
| 11 | ഭാഷോത്സവം | ജനുവരി |

Scanned with OKEN Scanner

# മലയാള മധുരം

ഒന്ന്, രണ്ട് ക്ലാസുകളിലെ കുഞ്ഞുങ്ങൾക്കായി അവധിക്കാലത്ത് വായന തുടർച്ച ഉറപ്പുവരുത്തുന്നതിനായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം. കുഞ്ഞുമക്കൾ ആസ്വദിച്ച് വായിക്കാനും തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പങ്കുവയ്ക്കാനും ഇതിലൂടെ അവസരം ഒരുക്കി. ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേക്ക് എത്തിക്കുന്നതോടൊപ്പം കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും ഭാവാത്മക വായനയിലേക്കും നയിക്കുന്നതിലൂടെ ഭാഷാവികാസത്തിന് സാധ്യതയൊരുക്കുന്നു.

## പ്രവർത്തന ലക്ഷ്യങ്ങൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരമൊരുക്കുന്നു
- സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- കുഞ്ഞു ചിത്രകഥാപുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു.

## പ്രവർത്തന ഘട്ടങ്ങൾ.

- അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം എസ്.ആർ.ജി യിൽ അവലോകനം ചെയ്യുന്നു. (മെയ് അവസാനം)
- തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- CPTA യിൽ അവലോകനവും, തുടർപ്രവർത്തനങ്ങളുടെ വിശദീകരണവും (ജൂൺ ആദ്യവാരം)
- കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു (ജൂൺ)
- തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കലോത്സവം, വായനാ ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.

Scanned with OKEN Scanner

- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്രരചനകൾ നടത്തുന്നു (ഏതൊരു ഫോമിലും)
- കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- ഭാഷോത്സവത്തിൽ പുസ്തകം പ്രസിദ്ധീകരിച്ച് പ്രകാശനം നടത്തുന്നു.
- വ്യക്തിഗത പുസ്തകം തയാറാക്കാനുള്ള പ്രോത്സാഹനം നൽകുന്നു.

## വിലയിരുത്തൽ

- മലയാളമധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്.
- രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്
- വായനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.
- കഥോത്സവം, വായനോത്സവം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്
- ഭാഷോത്സവത്തിന്റെ ഭാഗമായി കുഞ്ഞെഴുത്ത് പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- കുട്ടികളുടെ വിവിധ പ്രകടന രൂപങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് സമൂഹവുമായി പങ്കു വെച്ചിട്ടുണ്ട്.

## ചുമതല

ക്ലാസ് ടീച്ചർ, PTA, HM

## സാമ്പത്തികം

PTA, SSK

Scanned with OKEN Scanner

# സംയുക്ത ഡയറി

രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആശയം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാനശേഷി വികസനം സാധ്യമാകുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി ഏറെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്രരചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും.

## ലക്ഷ്യ പ്രസ്താവനകൾ

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- അനുഭവാധിഷ്ഠിത ഭാഷാപഠനം സാധ്യമാകുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു. (ജൂൺ ആദ്യവാരം)
- ക്ലാസ് പിടി.എ യിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു. രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു. (ജൂൺ ആദ്യവാരം)
- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു
- ജൂൺ മുതൽ ആരംഭിക്കുന്നു.

Scanned with OKEN Scanner

- ടീച്ചർ ഡയറി പരിശോധിച്ചു വിലയിരുത്തുന്നു.
- കൗതുകമുള്ള ഡയറി കുറിപ്പുകൾ ക്ലാസിൽ പങ്കുവെയ്ക്കു
- കുട്ടികളിൽ സ്വാതന്ത്ര്യമൊത്ത ഡയറി പൂർത്തിയാക്കാൻ സഹാ
കുന്നു.
- സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം. (വ്യക്തിഗതമായി

## വിലയിരുത്തൽ

- ലക്ഷ്യ പൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തന പദ്ധ
കൾ സംയുക്ത ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടു
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറ
പ്പുവരുത്തിയിട്ടുണ്ട്.
- സർഗാത്മക ശേഷി വികസനത്തിനുള്ള കഴിവുകൾ ഊട്ടാ
സാധിച്ചിട്ടുണ്ട്.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രച
പൊതു സമൂഹവുമായും രക്ഷിതാക്കളുമായും പങ്കുവച്ചിട്ടു
- മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്ത
രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.
- വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള സാധ്യ
ഒരുക്കിയിട്ടുണ്ട്.
- തുടക്കം മുതലേ പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യു
മെന്റ് ചെയ്തിട്ടുണ്ട്.

## ചുമതല.

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാന അധ്യാപകൻ

## സാമ്പത്തികം

SSK.

Scanned with OKEN Scanner

# പാട്ടരങ്ങ്

ഭാഷ പഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുത്തുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു.
കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഇതിലൂടെ കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്കു കഴിയേണ്ടതുണ്ട്. ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

## ലക്ഷ്യപ്രസ്താവനകൾ

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസ്വാദ്യത്തോടെ ചെയ്യാൻ കഴിയുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

## പ്രവർത്തനഘട്ടങ്ങൾ.

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ ആദ്യവാരം)
- ക്ലാസ് പിടിഎ യിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പാക്കുന്നു.

Scanned with OKEN Scanner

- പൂരക്കളി ഏകദിന ശില്പശാല പ്രാദേശികമായി ലഭ്യ കുന്ന സാംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ കൂടി പങ്കാളികളാക്കി പൂരക്കളി അവതരിപ്പിക്കൽ. പൂരക്കളിയെ പാഠ്യഭാഗത്തിലെ പ്രവർത്തനങ്ങൾ ഉൾചേർത്ത് അവത രിപ്പിക്കൽ (ജൂൺ രണ്ടാം വാരം)
- തുടർ പഠനങ്ങളുടെ ഭാഗമായി പൂരക്കളി അവതരിപ്പിക്ക (പൂരവതരണവും ആവിഷ്കാരവും) വീഡിയോ ഡോക്യു തയ്യാറാക്കൽ, പൂരക്കളിയുടെ ഭാഗമായി തയ്യാറാക്കിയ പു കവിതകൾ വായനാകാർഡുകളാക്കൽ (ജൂൺ 15 മുതൽ ഫെബ്രുവരി വരെ)
- ഭാഷോത്സവത്തിന്റെ ഭാഗമായി പൂരക്കളി അവതരിപ്പി (മാർച്ച് രണ്ടാം വാരം)

## വിലയിരുത്തൽ

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായി പ്രവർത്തന പ കൾ പൂരക്കളിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- ക്ലാസ് പി.ടി.എ യുടെയും പ്രാദേശിക റിസോഴ്സ് പേഴ്സ മാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.
- പ്രാദേശികമായി ലഭ്യമായ മെറ്റീരിയലുകൾ ഉപയോഗി സാംഗീതോപകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.
- പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ് മു നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.
- കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് രക്ഷിതാക്കളുമായും പൊതു സമൂഹവുമായും പങ്കുവ
- പൂരക്കളിയുടെ ഭാഗമായി തയ്യാറാക്കിയ കവിതകളെ വാ ർഡുകളാക്കി മാറ്റിയിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മിക അവതരിപ്പിച്ചിട്ടുണ്ട്.

## ചുമതല

ക്ലാസ് ടീച്ചർ, പിടി.എ, പ്രധാനാധ്യാപകൻ

## സാമ്പത്തികം

SSK PTA

Scanned with OKEN Scanner

# സചിത്രപുസ്തകം.

2023-2024 വർഷത്തിൽ രണ്ടാം ക്ലാസിലെ 8 യൂണിറ്റുകളും സചിത്രരൂപത്തിലാക്കിയാണ് കുട്ടികൾക്ക് മുന്നിൽ അവതരിപ്പിച്ചത്. ഉദ്ദേശിത പ്രവർത്തനങ്ങളിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കാൻ ഇത് സഹായകമായിട്ടുണ്ട്. പ്രവർത്തന നടത്തിപ്പിൽ അധ്യാപികമാരും വിദ്യാലയവും നേരിട്ട പ്രയാസങ്ങളെ മറികടന്ന് പുതുമാതൃകകൾ വികസിപ്പിക്കാൻ നമുക്ക് കഴിയണം. പുതിയ അക്കാദമിക വർഷത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

## ലക്ഷ്യ പ്രസ്താവനകൾ

- രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്രപുസ്തകരൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.
- എല്ലാ കുട്ടികൾക്കും സചിത്രപുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാകുന്നു.
- കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.
- പ്രവർത്തനങ്ങളിൽ പരിസരപഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പുവരുത്തുന്നു.

## പ്രവർത്തന ഘട്ടങ്ങൾ.

- കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്ര പാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. (2024 മെയ്)
- വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്രബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ മൂന്ന് യൂണിറ്റുകൾ (2024 ജൂൺ 10)

Scanned with OKEN Scanner

- ഏകദിന രക്ഷാകർതൃ ശില്പശാല - സചിത്രപാഠങ്ങൾ പരിചയപ്പെടുത്തലും ആവശ്യമായ പിന്തുണ ഉറപ്പാക്കൽ (2024 ജൂൺ 15)
- സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർതൃയോഗങ്ങൾ വിലയിരുത്തൽ (എല്ലാ മാസവും)
- രണ്ട് മൂന്ന് ഘട്ടങ്ങളിൽ വർക്ക് ബുക്ക് വിതരണം (2024 ആഗസ്ത്, 2024 ഡിസംബർ)
- സചിത്ര ബുക്കുകൾ ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം)

## വിലയിരുത്തൽ

- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാകുന്നതിൽ ടീച്ചർക്ക് ധാരണയുണ്ടെന്ന് ഉറപ്പുവരുത്തും.
- എല്ലാ കുട്ടികൾക്കും സചിത്രപാഠം വർക്ക്ബുക്ക് ഉറപ്പുവരുത്തുന്നു.
- എല്ലാ കുട്ടികളും സചിത്രപാഠം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണ ഉറപ്പുവരുത്തുന്നു.
- പ്രതിമാസ സി.പി.ടി.എ യോഗത്തിൽ സചിത്ര പുസ്തകങ്ങൾ മുഖ്യ അജണ്ടയാവുന്നു. കുട്ടികളെ സചിത്ര പുസ്തകങ്ങൾ വിലയിരുത്തുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി സചിത്രപാഠം അവതരിപ്പിക്കുന്നു.

## ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്.എസ്.ജി.

## സാമ്പത്തികം

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്.എസ്.ജി.

Scanned with OKEN Scanner

# റീഡേഴ്സ് തീയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടികവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിവുള്ളവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപികയ്ക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനയ്ക്കും ശ്രാവ്യ വായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തീയേറ്റർ.

## ലക്ഷ്യപ്രസ്താവനകൾ

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തീയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങൾ റീഡേഴ്സ് തീയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.
- ഭാഷയിലെ ഉന്നമനത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

## പ്രവർത്തനഘട്ടങ്ങൾ

- റീഡേഴ്സ് തീയേറ്റർ എസ്.ആർ.ജിയിൽ ആശയം പങ്കിടൽ (2024 ജൂൺ)
- ക്ലാസ് പി.ടി.എയിൽ റീഡേഴ്സ് തീയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പുവരുത്തലും (2024 ജൂൺ മൂന്നാം വാരം)
- ഏകദിന റീഡേഴ്സ് തീയേറ്റർ ശില്പശാല (2024 ജൂലൈ രണ്ടാം വാരം.

• എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠപുസ്തക/ബാലസാഹിത്യ കൃതികൾ എന്നിവ തെരഞ്ഞെടുത്ത് റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (2024 ജൂലൈ/ 2025 മാർച്ച്)

• മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾതല സദസ്സുകളിൽ അവതരിപ്പിക്കാൻ അവസരം (2024 ജൂലൈ/ 2025 മാർച്ച്)

• ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം. (2024 മാർച്ച് രണ്ടാം വാരം)

## വിലയിരുത്തൽ.

• റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തെക്കുറിച്ച് എസ്.ആർ.ജി, ക്ലാസ് പി.ടി.എ അംഗങ്ങൾക്ക് ധാരണ നൽകിയിട്ടുണ്ട്.

• കുട്ടികളെ റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തിൽ പങ്കാളികളാകുന്നതിൽ അധ്യാപികയ്ക്ക് പ്രായോഗിക ധാരണയുണ്ട്

• റീഡേഴ്സ് തിയേറ്റർ നടപ്പിലാക്കുന്നതിന് അനുയോജ്യമായ പാഠഭാഗങ്ങൾ ബാലസാഹിത്യ കൃതികൾ എന്നിവ കണ്ടെത്തിയിട്ടുണ്ട്.

• കുട്ടികൾക്ക് റീഡേഴ്സ് തിയേറ്റർ അവതരിപ്പിക്കാനുള്ള സന്ദർഭം വേദികൾ എന്നിവ ഒരുക്കുന്നു.

• മികച്ച അവതരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

• എല്ലാകുട്ടികളെയും റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമാക്കുന്നു

• പ്രവർത്തനങ്ങൾക്ക് പ്രാദേശിക കലാകാരന്മാരുടെ സേവനം ഉറപ്പുവരുത്തുന്നു.

## ചുമതല

ക്ലാസ് ടീച്ചർ, സി.പി.ടി.എ

## സാമ്പത്തികം

എസ്.എസ്.കെ, പി.ടി.എ

Scanned with OKEN Scanner

## നാട്ടുവിശേഷം കൂട്ടെഴുത്ത്

ഭാഷാപഠനം പരിസരപഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനുള്ള ഒരു പ്രവർത്തന പദ്ധതിയാണ് നാട്ടുവിശേഷം കൂട്ടെഴുത്ത്. പ്രകൃതി നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ കുട്ടികൾക്ക് എഴുതാൻ കഴിയുന്നു. ശാസ്ത്ര പ്രക്രിയാശേഷികളുടെ വികാസം ഉറപ്പുവരുത്തുന്നതിന് ഈ പ്രവർത്തനം സഹായകമാണ്. പ്രകൃതിയെ തൊട്ടറിഞ്ഞ് സഹവർത്തിത പഠനത്തിലൂടെ അറിവു നിർമ്മാണം സാധ്യമാക്കാൻ ഈ പ്രവർത്തനത്തിന് കഴിയും.

## ലക്ഷ്യ പ്രസ്താവനകൾ.

- പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു.
- പ്രകൃതി നിരീക്ഷണത്തിലൂടെ ശേഖരിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.
- നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
- പുറംവാതിൽ പഠനത്തിനുള്ള സാധ്യത ഒരുക്കാൻ കഴിയുന്നു
- പരിസര പഠനത്തിലൂടെ ഭാഷാപഠനം രസകരവും ലളിതവുമാക്കുന്നതിന് കഴിയുന്നു.
- പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയുന്നു.

## പ്രവർത്തനഘട്ടങ്ങൾ

- നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രവർത്തനം എസ്.ആർ.ജിയിൽ അവതരിപ്പിക്കുന്നു.

Scanned with OKEN Scanner

- പ്രകൃതിനടത്തം, ഫീൽഡ് ട്രിപ്പ് എന്നിവ [illegible] ആസൂത്രണം ചെയ്യുന്നു.
- പി.ടി.എയിൽ അവതരിപ്പിച്ച് പിന്തുണ നേടുന്നു.
- പാഠഭാഗത്തിന് അനുയോജ്യമായ പ്രകൃതിപഠന സാധ്യതകൾ [illegible] കണ്ടെത്തി ആസൂത്രണം.
- പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (ജൂലൈ രണ്ടാം ആഴ്ചയിൽ [illegible] ആദ്യ പ്രവർത്തനം ആരംഭം).
- കണ്ടെത്തലുകളുടെ അവതരണം
- കുറിപ്പെഴുത്ത് നടക്കുന്നു.
- എഡിറ്റിംഗ്, മെച്ചപ്പെടുത്തൽ, അവതരണം
- പതിപ്പ് തയ്യാറാക്കൽ
- പാഠഭാഗത്തിനനുസരിച്ച് കാലയളവ് ക്രമപ്പെടുത്തുന്നു.
- പ്രവർത്തനം, അവലോകനം, വിലയിരുത്തൽ (ജൂലൈ അവസാനം)
- പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ
- മികച്ചവ ഭാഷോത്സവത്തിൽ അവതരണം (ജനുവരി)

## വിലയിരുത്തൽ.

- ക്ലാസ് മുറിയിൽ പരിസര പഠന പാഠഭാഗത്തോടൊപ്പം, ഭാഷാപഠനവും ഉൾച്ചേർത്ത് നൽകുന്നതിൽ അധ്യാപക[illegible] ധാരണ ഉറപ്പാക്കുന്നു.
- പ്രക്രിയാശേഷികൾക്ക് ഊന്നൽ നൽകിയുള്ള പരിസര പഠന സാധ്യത പ്രയോജനപ്പെടുന്നു.
- മുഴുവൻ കുട്ടികളിലും പ്രക്രിയ ബന്ധിതമായ പഠനം ഉറപ്പാക്കാൻ കഴിയുന്നു.
- കൃത്യമായ ആസൂത്രണത്തിലൂടെ വാതിൽപ്പുറ പഠന[illegible]ത ഉറപ്പാക്കുന്നു.
- കുട്ടികളിൽ സഹവർത്തിത പഠനം ഉറപ്പാക്കുന്നു.

ചുമതല : ക്ലാസ് ടീച്ചർ, PTA, HM

സാമ്പത്തികം : SSK

Scanned with OKEN Scanner

# ക്ലാസ്പത്രം

രണ്ടാം ക്ലാസിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠന തന്ത്രമാണ് ക്ലാസ് പത്രം. ഓരോ കുട്ടിയെയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും പ്രാപ്തനാക്കുന്നതിന് ക്ലാസ്പത്രം സഹായിക്കുന്നു. ക്ലാസിലെ കൂട്ടെഴുത്തിന്റെ ഒരു പ്രതിഫലനമാണ് ക്ലാസ്പത്രം. ഒരു പത്രത്തിന്റെ ഘടന മനസിലാക്കി കൃത്യതയോടെ ചെറുവാക്യങ്ങളിലൂടെ വാർത്തകൾ രേഖപ്പെടുത്താനുള്ള ഒരു ഇതിലൂടെ നേടാൻ സാധിക്കും.

## ലക്ഷ്യപ്രസ്താവനകൾ

- ഭാഷാപ്രവർത്തനത്തിൽ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനാശേഷി പരിപോഷിപ്പിക്കുന്നു.
- വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാപഠനം സാധ്യമാകുന്നു.
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശേഖരിച്ച് തെറ്റില്ലാതെ ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണതയോടെ എഴുതാൻ കഴിവു നേടുന്നു.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.
- പരസ്പരം പിന്തുണ ഉറപ്പുവരുത്താൻ കൂട്ടെഴുത്തിലൂടെ സാധിക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താരൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

## പ്രവർത്തനഘട്ടങ്ങൾ.

- ക്ലാസ്പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും എസ്. ആർ. ജി യിൽ അവതരിപ്പിക്കുന്നു. (ജൂലൈ അവസാനം)
- ക്ലാസ് പി.ടി.എ യിൽ പദ്ധതി അവതരിപ്പിക്കുന്നു. പിന്തുണ ഉറപ്പാക്കുന്നു. (ജൂലൈ അവസാനം)

Scanned with OKEN Scanner

## വിലയിരുത്തൽ

- ശലഭോത്സവത്തിൽ കുട്ടികളുടെയും പങ്കാളിത്തം ഉറ
വരുത്തുന്നു.
- പ്രാദേശികവും ലഭ്യവുമായ റിസോഴ്സ് പേഴ്സ
സേവനം ലഭ്യമാകുന്നു.
- എല്ലാ വ്യവഹാര രൂപങ്ങൾക്കും പ്രാധാന്യം നൽകി
ത് എന്നുറപ്പ് വരുത്തുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ്തല ശലഭോത്സവം സംഘടിപ്പിക്കുന്നു.
- രക്ഷാകർതൃ പ്രാദേശിക പിന്തുണ ഉറപ്പുവരുത്തുന്നു

## ചുമതല

ക്ലാസ് ടീച്ചർ, പി.ടി.എ

## സാമ്പത്തികം

പി.ടി.എ, എസ്.എസ്.കെ.

# ഭാഷോത്സവം.

ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികളെയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കുട്ടികളുടെ കഴിവുകൾ സമൂഹത്തിനു മുന്നിൽ പ്രകടമാക്കാൻ ഭാഷോത്സവത്തിലൂടെ കഴിയും. ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും ഭാഷോത്സവം കുട്ടികളെ പ്രാപ്തരാക്കുന്നു.

## ലക്ഷ്യപ്രസ്താവനകൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്രരചനയ്ക്ക് സാധ്യത ഒരുക്കുന്നു.
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നു.
- ഭാഷാപഠനം അനുഭവാധിഷ്ഠിതമാക്കുന്നതിന് കഴിയുന്നു.
- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാരരൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് കഴിയുന്നു.
- ആശയപൂർണതയോടെ തനതായ രചനകൾ നടത്താൻ പ്രാപ്തരാക്കുന്നു.

## പ്രവർത്തന ഘട്ടങ്ങൾ.

- ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു.
- PTA യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പ്രാദേശിക കലാസാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട വിഭവങ്ങൾ ലിസ്റ്റ് ചെയ്യുന്നു.
- പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു.
- ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.

Scanned with OKEN Scanner

- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.
- ജനുവരിയിൽ ഭാഷോത്സവം സംഘടിപ്പിക്കുന്നു.
- SRG യിൽ അവലോകനം ചെയ്യുന്നു.

## വിലയിരുത്തൽ :

- ലക്ഷ്യ പ്രാപ്തിയ്ക്കായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.
- മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കാൻ തരത്തിൽ കുട്ടികളെ പ്രാപ്തരാക്കിയിട്ടുണ്ട്.
- കുട്ടികളുടെ രചനകൾ ചേർത്ത് കൈയെഴുത്ത് പുസ്തകം തയാറാക്കിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്രരചനകൾ വായനാകാർഡുകള മാറ്റിയിട്ടുണ്ട്.
- ഭാഷോത്സവം ജനകീയമാക്കുന്നതിനുള്ള ആസൂത്രണം നടത്തിയിട്ടുണ്ട്.
- കലോത്സവം, രചനോത്സവം മറ്റു ഭാഷാപ്രവർത്തനങ്ങൾ എന്നിവ വീഡിയോ ഡോക്യുമെന്റ് ചെയ്ത് പൊതു സമൂഹത്തിൽ പങ്കുവച്ചിട്ടുണ്ട്.

**ചുമതല** : SRG, PTA, HM

**സാമ്പത്തികം** : SSK, PTA.

Scanned with OKEN Scanner

# 3 ස්වරකි -

# ශාස්ත්‍රීය සංගීතය

# ක්‍රියාකාරකම

# ACADEMIC MASTER PLAN

## EVS                STD III

| Month | Activities | Supporting Area. |
|---|---|---|
| June | • ചെടികൾ നിരീക്ഷിക്കുന്നു<br>• പ്രകൃതി നടത്തം<br>• തൈ നടീൽ<br>• ചിത്രരചന- പോസ്റ്റർ- വര<br>സ്മൃതി ദിനം.<br>• വിത്ത് മുളപ്പിക്കൽ<br>• വ്യത്യസ്തതരം സസ്യങ്ങൾ, ഇല,<br>• പൂക്കൾ, ഇവ തിരിച്ചറിയുന്നു.<br>• പരിസ്ഥിതി ദിനാചരണം<br>• ഹരിത [illegible] നിർമ്മാണം<br>• ക്ലബ്ബ് രൂപീകരണം | PTA SRG |
| July :- | • നിരീക്ഷണം - ജീവികൾ<br>• ചിത്രശേഖരണം<br>• മണ്ണ് നിരീക്ഷണം<br>• ജൈവ വൈവിധ്യ ഉദ്യാനം നിർമ്മാണം<br>• അന്വേഷണം - ഫലങ്ങൾ വളരുന്ന ചെടികൾ.<br>• School Health Club. പ്രവർത്തനങ്ങൾ. | SRG |
| August :- | • മഴമാപിനി നിർമ്മാണം<br>• ജല സംരക്ഷണ Poster നിർമ്മാണം<br>• കിണർ സന്ദർശനം<br>• മണ്ണ് നിരീക്ഷണം<br>- മണ്ണ് കൊണ്ട് രൂപങ്ങൾ<br>• മണ്ണുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ<br>• ആശയ പടം തയ്യാറാക്കൽ<br>• ദേശീയ പതാക നിർമ്മാണം   ദേശഭക്തിഗാന പരിചയപ്പെടൽ<br>• സ്വാതന്ത്ര്യദിന ചിത്രങ്ങൾ - സ്വാതന്ത്ര്യസമര സേനാനികൾ - Fancy Dress - പ്രച്ഛന്നവേഷം | |

Scanned with OKEN Scanner

September :

- ശുചിത്വ Poster നിർമ്മാണം
- സ്കൂൾ ശുചിത്വ ക്ലബ് പ്രവർത്തനങ്ങൾ — SRG
- ആരോഗ്യപ്രവർത്തകരുടെ സെമിനാർ
- Interview - ആരോഗ്യപ്രവർത്തകർ.

October

- ശീലവടിവ്.
- പഴം / പച്ചക്കറി
- food festival
- സ്വന്തം ആരോഗ്യ കാർഡ് - BMI കണക്കാക്കൽ.
- പച്ചക്കറിത്തോട്ടം (കൃഷി) ഒരുക്കൽ -
- ഭക്ഷണ മേള
- ആരോഗ്യ ശീലങ്ങൾ } Poster / Chart

November

- ആരോഗ്യമേഖല - മെച്ചപ്പെടുത്തൽ
  ക്ലാസ് - ആരോഗ്യപ്രവർത്തകർ
- റോഡ് നിയമങ്ങൾ
  Skit / role play
- അപകടങ്ങൾ - പ്രഥമ ശുശ്രൂഷ പാഠങ്ങൾ

First Aid Kit ഒരുക്കൽ
↳ Listing and collecting.

വാർത്താ Cuttings ശേഖരണം
റോഡപകടങ്ങൾ - സ്വയം സുരക്ഷ
ചർച്ച - ബോധവൽക്കരണം
റോഡ് നിയമങ്ങൾ - ചാർട്ട്
Display Chart - ബോധവൽക്കരണം

Scanned with OKEN Scanner

December :- പരീക്ഷണങ്ങൾ, നിരീക്ഷണം - globe.
നിരീക്ഷണ പ്രവർത്തനങ്ങൾ
വിവിധ രാജ്യങ്ങൾ കണ്ടെത്തൽ
ഇന്ത്യൻ പതാക വരക്കൽ
വിവിധ രാജ്യങ്ങളുടെ പതാക നിർമ്മിക്കൽ
ഭൗമിക ചിഹ്നങ്ങൾ തിരിച്ചറിയൽ
ഭൂപട വായന - സ്വന്ത ഗ്രാമം }
സ്വന്ത ജില്ല. ഭൂപടങ്ങൾ } മാപ്പ് വരക്കൽ
ചോദ്യോത്തരപ്പയറ്റ്.
ഭൂപ്രകൃതി തിരിച്ചറിയൽ - ICT (Google Map)

January & February :- ജീവികളുടെ കൂടുകൾ - ചിത്രശേഖരണം
Album - വ്യത്യസ്ത തരം വീടുകൾ
ദേശഭക്തിഗാനം (Republic Day related)
വിവിധതരം തൊഴിലുകൾ - വിവരശേഖരണം
Survey
വിവിധതരം പൊതുസ്ഥാപനങ്ങൾ - ഉദാഹരണങ്ങൾ. സന്ദർശനം
സ്കൂൾ / വായനശാല / Post office / ആശുപത്രി.

March : പരീക്ഷ തയ്യാറെടുപ്പ് / പഠനോത്സവം.

English

STANDARD - III

ENGLISH - MASTER PLAN

Aim

To speak Read & write English without any mistakes.

Time - June to March

To check the vocabulary and writing skills of pupils

Activities

June to July

Pre Test

To develop listening skills and reading skills

Listening skills

Games, Action Songs:

Hello English Activities

Conversations

Short Stories

Use ICT

Speaking skills

Identify the naming words from the Picture.

Identify the action words from the Picture.

Make simple descriptions about the Picture reading

Self introductions.

Scanned with OKEN Scanner

## August & September

- Develop the creative speaking and writing

Reading skills

Books Reading
Find words
Collect and Read Past tense
Rhyming words
TB activities

Writing skills
Make word web
Picture description
Word chain
Make words & Sentences
Make riddles, conversations
Add more lines

## October & November

To express thoughts, feelings etc.

Reading skills
Library book reading
Conversations, skit, stories
Use ICT
Read Notice
Develop story
thoughts

Scanned with OKEN Scanner

## December & January

Develope the creative speaking & writing

Reading Skills

Library book reading, Conversations, Skil Stories

Use ICT

Develope Stories

Reads Diary.

Writing Skills

Diary

Annoruncement

## February & March.

To improve the Presentation Power

Reading Skills

Library Books reading

Conversations, Skit, Stories

Develope Stories

Writing Skills

Diary

Descripteons

Thoughts

Exibition.

Scanned with OKEN Scanner

## മലയാളം

ക്ലാസ്സ് - IV

### ലക്ഷ്യങ്ങൾ

1. എല്ലാവർക്കും എഴുത്തും, വായനയും
2. ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
3. ഗ്രന്ഥശാല അംഗത്വം.
4. ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ
5. വായനയും, എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക.
6. എഴുത്ത്, വായന ഇവയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ.

### പ്രവർത്തനങ്ങൾ

(2 months)

- Pre-test.
- അക്ഷരം ഉറപ്പിക്കൽ
- അടയാളം ഉറപ്പിക്കൽ (ചിഹ്നം ഉറപ്പിക്കൽ)
- അക്ഷരകാർഡ് നൽകൽ
- വാക്കുകൾ എഴുതിയ കാർഡ് നൽകൽ
- വാക്കുകൾ നിർമ്മിക്കൽ
- വാക്യങ്ങൾ നിർമ്മിക്കൽ
- ചിത്രം നോക്കി കഥ പറയൽ
- ചിത്രം നോക്കി കഥ എഴുതൽ
- കഥ - ബാക്കി പൂർത്തിയാക്കൽ (പറച്ചിൽ)
- കഥ - ബാക്കി എഴുതി പൂർത്തിയാക്കൽ.
- ICT സാദ്ധ്യത പ്രയോജനപ്പെടുത്തൽ

Scanned with OKEN Scanner

ആഗസ്റ്റ് - സെപ്തംബർ - ഒക്ടോബർ

• അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ.
വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ.

• ചിത്രം - അടിക്കുറിപ്പ്
ചിത്രം നൽകി അടിക്കുറിപ്പ് പറയിപ്പിക്കൽ - അധ്യാപികയുടെ സഹായത്തോടെ എഴുതൽ

• കഥ - ബാക്കി പറയൽ - എഴുതൽ
ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്നു. ബാക്കി പറയിപ്പിക്കുന്നു, എഴുതുന്നു.

• കഥാപുസ്തകം നൽകൽ
വായന കുറിപ്പ് തയ്യാറാക്കൽ.

• സ്കൂൾ ലൈബ്രറി പരിചയപ്പെടുത്തൽ
ലൈബ്രറി നവീകരണം, പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രേറിയൻ, പുസ്തക ക്രമീകരണം, പുസ്തക ശേഖരണം etc.

• ക്ലാസ് ലൈബ്രറി (വായനാമൂല) സജ്ജീകരണം.
കുട്ടികളുടെ സഹായത്തോടെ ക്ലാസ്തല വായ സജ്ജീകരിക്കുന്നു, കുട്ടികൾ ഒഴിവു സമയങ്ങൾ പ്രയോജനപ്പെടുത്തുന്നു

• പത്രവായന
വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ
പതിപ്പ്, വാർത്ത തയ്യാറാക്കൽ - (എഴു

## ദിനാചരണങ്ങൾ

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്ത-നങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

Eg: വായനാദിനം: വായനാദിന പോസ്റ്റർ, ഇഷ്ടമുള്ള ബുക്ക് വായിച്ച് കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുക. ക്വിസ് മത്സരം, ഇഷ്ടമുള്ള ബുക്ക് അസംബ്ലിയിൽ വായിക്കുന്നു. etc.

## നവംബർ - ഡിസംബർ

### ബാലസഭകൾ രൂപീകരണം

ക്ലാസ് തലത്തിലും, സ്കൂൾ തലത്തിലും ബാലസഭകൾ രൂപീകരിക്കുന്നു. അവതരണം.

സ്കൂളിൽ യോഗം സംഘടിപ്പിക്കൽ, സൃഷ്ടി പരിചയം കുട്ടികൾ അവരുടെ സ്വന്തം സൃഷ്ടികളും അവതരിപ്പിക്കുന്നു. ICT സാദ്ധ്യത പ്രയോജനപ്പെടുത്തുന്നു.

### ആനുകാലിക പ്രസിദ്ധീകരണങ്ങളും - വായനയും

ക്ലാസ്മുറിയിൽ (സ്കൂളിൽ) വിവിധങ്ങളായ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുന്നു. അവ വായിക്കുവാനുള്ള അവസരങ്ങൾ നൽകുന്നു.

## ജനുവരി, ഫെബ്രുവരി, മാർച്ച്

### പൊതുവേദിയിലെ പ്രകടനങ്ങൾ

കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ ഈ അവസരം പ്രയോജനപ്പെടുത്തുന്നു.
അസംബ്ലി, സർഗ്ഗവേള, ബാലസഭ ഇവയിലും നിരവധി അവസരങ്ങൾ നൽകുന്നു.

Scanned with OKEN Scanner

:ഭാഷയെ കൂടുതൽ മനസിലാക്കാനും, ആഴത്തിലുള്ള
വായനക്കുമായി കൂടുതൽ അവസരം നൽകുന്നു.
Eg. അസംബ്ലിയിൽ ഒരു രചയിതാവിനെ പരിചയ
പ്പെടുന്നു. അദ്ദേഹത്തിന്റെ ചിത്രം പ്രദർശിപ്പിക്കുന്നു
കുറിച്ച് ആമുഖമാക്കി അവതരിപ്പിക്കുന്നു.
( July- ബഷീർ, August - Sk Pottekkad) —
ജീവചരിത്രം powerpoint presentation - അദ്ദേഹ
പ്രധാന കൃതികൾ പരിചയപ്പെടാനുള്ള അവസരം
നൽകുന്നു. etc.

Amp- Malayalam 2025/26

ഉദ്ദേശ്യം :

വിദ്യാർത്ഥികൾക്ക് ശുദ്ധമായി മലയാളം എഴുതാനും വായിക്കാനും സംസാരിക്കാനും കഴിയേണ്ടതാണ്.

കാലക്രമം : ജൂൺ മുതൽ മാർച്ച് വരെ :

June–July

ലക്ഷ്യങ്ങൾ: ശബ്ദകോശം (Vocabulary) വർദ്ധിപ്പിക്കൽ June–July

Pre Test, നിർദ്ദേശങ്ങൾ

വായിക്കാനുള്ള കഴിവ്, വായനശേഷി ഇവ വർദ്ധിപ്പിക്കുക

Activities : ഭാഷാ കേളികൾ

ആംഗ്യപാട്ടുകൾ

ഭാവാത്മക വായന

കഥ പറയൽ

അധ്യാപിക ഭാവാത്മകമായി പറയുന്ന കഥകൾ കേൾക്കൽ.

ICT

ഉപകരണങ്ങൾ ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ

ICT

സംസാരശേഷി:

ചിത്ര വായന

കടങ്കഥകൾ, പഴഞ്ചൊല്ല് ശേഖരണം, ഇഷ്ട അവതരണം

അനുഭവ വിവരണം

ചിത്രത്തെളിച്ച്

വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുക

ചിത്ര വിവരണം

August & September

ലക്ഷ്യം : സൃഷ്ടിപരമായ എഴുത്ത് സാമർത്ഥ്യമുള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക.

വായനശേഷി :

കഥാ പുസ്തകങ്ങൾ വായിക്കുക

വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തുക

പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ

എഴുത്ത് : വാക്കുകളുടെ ചിലന്തിവല (word web) നിർമ്മിക്കുക

ചിത്ര വിവരണം

വാക്കുകളും വാക്യങ്ങളും നിർമ്മിക്കുക

ചോദ്യങ്ങൾ നിർമ്മിക്കുക

ചോദ്യോത്തരപ്പയറ്റ്

വാക്കുകൾ കൂട്ടിച്ചേർത്ത് കൂടുതൽ വാക്കുകൾ കണ്ടെത്തുക

October & November

ലക്ഷ്യം : ആലോചനകളും വികാരങ്ങളും പ്രകടിപ്പിക്കുവാൻ.

വായനശേഷി :

- ലൈബ്രറി പുസ്തകങ്ങൾ വായന.
- കഥ, നോവൽ, ഓർമ്മക്കുറിപ്പുകൾ

Scanned with OKEN Scanner

പ്രവർത്തനങ്ങൾ

ജൂൺ, ജൂലായ്, ആഗസ്റ്റ്

· 1 മുതൽ 100 വരെയുള്ള സംഖ്യകൾ ഉറപ്പിക്കുന്നതിനായി വിവിധ ഗണിത കേളികളിൽ ഏർപ്പെടുന്നു.
ഇതേ സംഖ്യകളുടെ സങ്കലനം, വ്യവകലനം ഗുണനം ഇവ ഉൾപ്പെടുന്ന ഗണിത കേളികളും നടത്തുന്നു.

→ ഏണിയും പാമ്പും കളി

→ ഇന്നർത്തിൽ കളി.

→ കോടീശ്വരൻ

→ വളഗണിതം (ഗുണനം).

→ ആദ്യം ആരെത്തും (ചതുഷ്ക്രിയകൾ)

→ വിവിധതരം പാറ്റേണുകൾ പരിചയപ്പെടുത്തു

⇒ തുടർന്ന് 100 മുതൽ 999 വരെയുള്ള സംഖ്യ കളും ഇതേ രീതിയിൽ കുട്ടികളിൽ എത്തിക്കുന്ന പ്രവർ

· മുത്ത് കോർക്കാം.

· വൃക്ഷ നടത്തം (ഗുണനം)

· വിജയിയെ കണ്ടെത്താം.

സ്ഥാനവില മനസിലാക്കുവാനുള്ള സ്ഥാനവില പോക്കറ്റ് പരിചയപ്പെടുത്തുന്നു. കളിക്കുന്നു.

Scanned with OKEN Scanner

• ഡൈസ് കളി
• സംഖ്യാചക്രം.

തുടർന്ന് ഗണിത മൂല നിർമ്മാണം.

~~ജൂലൈ~~ സെപ്റ്റംബർ മാസം → ഗണിത കളികളിൽ ഏർപ്പെടുന്നു.
• ആദ്യം 100ൽ എത്തുന്നതാരാണ്
• വരിയിൽ ആരാദ്യം
• വരിയിൽ ആരാദ്യം

ഇത് ഗുണനക്രിയകൾ എളുപ്പത്തിൽ ആക്കുന്നതിന് വേണ്ടി നടത്തുന്ന പ്രവർത്തനം (ഗുണനം ഒറ്റസംഖ്യ × ഒറ്റസംഖ്യ, ഇരട്ടസംഖ്യ × ഒറ്റസംഖ്യ)
• കൊട്ടാരത്തിലെത്താം ഇരട്ടസംഖ്യ പരിചയം-

ഗണിതബുക്കിൽ ക്രോഡീകരണം.
• സംഖ്യാബോധം → എണ്ണിയും, ചാടിയും, (ഗുണനം) ആരോഹണം, അവരോഹണം.

ഒക്ടോബർ.
• ഗണിതമേള സ്കൂൾ തലത്തിൽ നടത്തുന്നു. (Test ന്റെ അടിസ്ഥാനത്തിൽ)
• ഗണിത test നടത്തുന്നു.
• ഗണിത CPTA നടത്തുന്നു.
• ഗണിതമധുരം - Test നടത്തിയതിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനം പ്രക്രിയ ഒരുക്കുന്ന ഗണിത മധുരം പദ്ധതിക്ക് തുടക്കം കുറിക്കുന്നു.

Scanned with OKEN Scanner

നവംബർ.

ഗണിത മാസിക തയ്യാറാക്കുന്നു.

ഡിസംബർ / ജനുവരി. ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെ

. വീട്ടിലെ കറണ്ടുബില്ല് ശേഖരണം.

ചർച്ച.

. കറണ്ടുബില്ല് കുറയ്ക്കുവാനുള്ള പ്രവർത്തനം ചർച്ച ചെയ്യുന്നു.

. കച്ചവടം → കച്ചവട സാധ്യതകൾ (ക്ലാസ് റൂം സജ്ജീകരണം),

– ബില്ല് തയ്യാറാക്കൽ –

– പ്രായോഗിക പ്രശ്ന നിർധാരണം.

— ഫെബ്രുവരി / മാർച്ച്

. 10,000 → സംഖ്യാ വ്യാഖ്യാനം

. സംഖ്യകൾ അക്കത്തിലും അക്ഷരത്തിലും എഴുതൽ

. പഠന മികവ് പ്രദർശിപ്പിക്കൽ.

. ICT സാധ്യത പ്രയോജനപ്പെടുത്തൽ

# അക്കാദമിക മാസ്റ്റർ പ്ലാൻ -
## പരിസരപഠനം

ലക്ഷ്യം: ശാസ്ത്ര കൗതുകം വളർത്താൻ ഉതകുംവിധം ശാസ്ത്ര പരീക്ഷണങ്ങളിൽ സ്വയം ഏർപ്പെടുകയും കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യൽ:

### ജൂൺ, ജൂലായ്, ആഗസ്റ്റ്

• ഈ മാസങ്ങളിൽ ശാസ്ത്ര പഠനത്തിനോടൊപ്പം തന്നെ ചെറിയ ചെറിയ ശാസ്ത്രപുസ്തകങ്ങളും വായിക്കുവാൻ നൽകുന്നു. ഇവ ചെറിയ കുറിപ്പുകളായി അവതരിപ്പിക്കുന്നു. ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടുത്തുന്നു.

### സെപ്തംബർ, ഒക്ടോബർ

• ICT സാധ്യത പ്രയോജനപ്പെടുത്തുന്നു.
[ചെറിയ പരീക്ഷണങ്ങൾ, കണ്ടുപിടുത്തങ്ങൾ, ശാസ്ത്രജ്ഞൻമാരെ കുറിച്ചുള്ള ജീവചരിത്രങ്ങൾ] ഇതുവഴി കുട്ടിക്ക് ശാസ്ത്രത്തിനോടുള്ള ആഭിമുഖ്യം വളർത്തുന്നു.

• Text ബുക്കിലെ ശാസ്ത്രപരീക്ഷണങ്ങൾ നടത്തുന്നു. ശാസ്ത്ര കുറിപ്പുകൾ തയ്യാറാക്കുന്നു.

Eg: ഏഴാമത്തെ യൂണിറ്റിലെ 'ഇലക്കൂട്ടുകൾ പറയാൻ' എന്ന ഭാഗവുമായി ബന്ധപ്പെട്ട് സമാന്തര സിരാവിന്യാസം, ജാലിക സിരാവിന്യാസം, ഏകബീജപത്രം, ദ്വിബീജപത്രം

Scanned with OKEN Scanner

തുടങ്ങിയവ ചെയ്തു മനസിലാക്കുന്നു.

നവംബർ, ഡിസംബർ, ജനുവരി

- നാലാം ക്ലാസിലെ കുട്ടികളുടെ നിലവാരത്തിലുള്ള പരീക്ഷണങ്ങൾ തെരഞ്ഞെടുക്കുന്നു.
- ശില്പശാല സംഘടിപ്പിക്കുന്നു. [Feb. 28, ശാസ്ത്രദിനത്തിനോടനുബന്ധിച്ച് 'എന്റെ പരീക്ഷണങ്ങൾ' എന്നപേരിൽ (രക്ഷിതാക്കൾ, അധ്യാപകർ, കുട്ടികൾ) പരീക്ഷണശാല സംഘടിപ്പിക്കുന്നു. ഒരാൾക്ക് ഒരു പരീക്ഷണം നടത്താം
- ശില്പശാലയിൽ കുട്ടികൾ ശാസ്ത്രപരീക്ഷണങ്ങൾ ഏറ്റെടുക്കുന്നു.
- പരീക്ഷണ സാമഗ്രികൾ വികസിപ്പിക്കുന്നു
- പരീക്ഷണത്തിലേർപ്പെടുന്നു.
- പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നു.

ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന പരീക്ഷണ പ്രവർത്തനങ്ങളാണ് ഞങ്ങൾ അവതരിപ്പിക്കുന്നത്. ഇതുവഴി കുട്ടികളുടെ ശാസ്ത്രമനോഭാവം വളർത്തുകയും ശാസ്ത്രകൗതുകം വളർത്തുകയും ചെയ്യും.

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

## STD : IV

Scanned with OKEN Scanner

# മലയാളം.

★ മധുരം മലയാളം.

| ലക്ഷ്യം. | പ്രവർത്തനം. | കാലം | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ. | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ. | SRG. ക്ലാസ് ടീച്ചർ. |
| ★ വായിക്കാം വളരാം. | | | |
| വായനാശേഷി - വളർത്തൽ | ക്ലാസ് വായനാക്കൂട്ടം. ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ് ആനുകാലിക വായന. | വർഷം - മുഴുവൻ. | HM SRG Class Teacher CPTA. |

Scanned with OKEN Scanner

| | | | |
|---|---|---|---|
| * എഴുതാം തെളിയാം. | | | |
| എഴുത്ത് – പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ. | പ്രതിമാസം (വർഷം മുഴുവനും) | SRG Class Teacher. |
| * കണ്ടറിയാം കേട്ടറിയാം. | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ. (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം | Class Teacher. |
| * രുചിച്ചറിയാം. | | | |
| നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ. | ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസ്സിലൊരു സദ്യ. | വർഷത്തിലൊന്ന്. | SRG Class Teacher PTA. |

Scanned with OKEN Scanner

| ഓർക്കാം - അഭിമാനിക്കാം. (സാഹിത്യകാരന്മാർ) | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം. | കാലം | ചുമതല. |
| സാഹിത്യകാരന്മാരുടെ ജന്മ - ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ. | ഓർമ്മദിനങ്ങൾ ആചരിക്കൽ ഡോക്യുമെന്ററി പ്രദർശനം പുസ്തകപരിചയം ക്വിസ്, വ്യക്തിജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം. പ്രദർശനം. | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA. |
| * സർഗ്ഗോത്സവം. | | | |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher. |

Scanned with OKEN Scanner

# പരിസരപഠനം.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ★ പ്രകൃതിനടത്തം. <br> നിരീക്ഷണം – അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM <br> CPTA <br> Class Teacher |
| ★ ശാസ്ത്രമൂല. <br> ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ. | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM <br> SRG <br> Class Teacher |
| ★ ശാസ്ത്രപഠനയാത്ര <br> ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണത്വര വളർത്തൽ | പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്രയാത്ര സംഘടിപ്പിക്കുക. | ആവശ്യാനുസരണം. | HM <br> SRG <br> CPTA <br> Class Teacher |

Scanned with OKEN Scanner

| | | | |
|---|---|---|---|
| ★ ഭൂപടമൊരുക്കാം.<br>കേരളം – ഇന്ത്യ – ഭൂപട വായന – സൂചിക – പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമാണം. | വർഷത്തിലൊരിക്കൽ | SRG<br>Class Teacher |
| ★ ശാസ്ത്രവിസ്മയച്ചുമർ<br>ശാസ്ത്രപഠനം രസകരമാക്കാൻ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം | SRG<br>Class Teacher. |
| ★ ശാസ്ത്രോത്സവം :<br>ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | പതിപ്പ്, ചാർട്ട്, ആൽബം പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>Class Teac |
| ശാസ്ത്രമാസിക :<br>ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന. | ശാസ്ത്രമാസികകളുടെ നിർമാണം. | വർഷത്തിലൊരിക്കൽ. | HM<br>SRG<br>Class Te |

Scanned with OKEN Scanner

| | | | |
|---|---|---|---|
| | പോസ്റ്റർ നിർമാണം. | • പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>• പരിസരങ്ങളിൽ പതിക്കൽ | ജൂൺ |
| | ദാഹജലം. | • പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. | ജനുവ<br>–മാ |
| വ്യക്തിശുചിത്വവും പരിസര-ശുചിത്വവും. | ദിനകൃത്യങ്ങൾ | • ഓരോ ദിവസവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ് സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു<br>• കുട്ടികളെ ഗ്രൂപ്പുകളാക്കി ചുമതല ഓരോ ഗ്രൂപ്പിനും നൽകുന്നു. | ജൂൺ<br>മാർ |
| | പരിസര-നടത്തം. | • നമ്മുടെ പരിസരത്തെ മലിനീകരണപ്രശ്നം അടുത്തറിയാം.<br>• മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്താം.<br>• പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. | ജൂൺ–<br>ഡിസംബ |
| | നല്ല ശീലം. | • പോസ്റ്ററുകൾ തയാറാക്കാം.<br>• പരിസരങ്ങളിൽ പതിക്കാം. | ജൂലൈ–<br>മാർച്ച്. |



Scanned with OKEN Scanner

| | | | |
|---|---|---|---|
| ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക. | ഫീൽഡ് ട്രിപ്പ്. | • നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട് etc). | ജനുവരി-മാർച്ച്. |
| | പരീക്ഷണങ്ങൾ | • ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ-ഫെബ്രുവരി |
| | പക്ഷിനിരീക്ഷണം | • പക്ഷിനിരീക്ഷണത്തിന് അവസരം. | ജനുവരി-മാർച്ച്. |

# ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല. |
|---|---|---|---|
| * കളിക്കാം... ഗണിക്കാം. | | | |
| ഗണിതപഠനം – രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ). | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ. ഏണിയും പാമ്പും, ഡയസ്കളി കച്ചവടക്കളി (സങ്കലനം- വ്യവകലനം | വർഷം മുഴുവൻ | SRG Class Teacher. |
| * ഒറിഗാമിയിലൂടെ പഠിക്കാം... | | | |
| ഗണിതശാസ്ത്രപഠനം രസകരമാക്കൽ – കരചലനവികാസം. | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം. | വർഷത്തിലൊരിക്കൽ | Class Teacher. |
| ഗണിതലാബ്. | | | |
| ഗണിതപഠനപ്രവർത്തനം സുതാര്യമാക്കൽ. | ഗണിതലാബ് ഒരുക്കൽ, പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | Class Teacher |

Scanned with OKEN Scanner

| | | | |
|---|---|---|---|
| * ഗണിതച്ചുമർ : | | | |
| ഗണിതരൂപങ്ങളുടെ പ്രായോഗികമൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | Class Teacher.. |
| * ഗണിതപഠനോപകരണ ശില്പശാല : | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം. | ആവശ്യാനുസരണം | PTA Class Teacher. |
| * ഗണിതമേള | | | |
| ഗണിതശേഷികളുടെ പ്രകടനം. | പ്രശ്നോത്തരി<br>പസിൽ<br>പാറ്റേൺ<br>പഠനമുൽപന്നങ്ങളുടെ - പ്രദർശനം. | വർഷത്തിലൊന്ന് | SRG Class Teache |

# ഗണിതം

| Sl. No. | മാസം. | പ്രവർത്തനം. |
|---|---|---|
| | ലക്ഷ്യം : 1 - 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക. | |
| 1 | ജൂൺ | നറുക്കെടുക്കാം:<br>• സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>• കിട്ടിയ സംഖ്യ വായിക്കാം.<br>• മറ്റുള്ളവർ സംഖ്യ എഴുതുന്നു. |
| | ജൂൺ | 10 ചങ്ങാതിമാർ<br>• സംഖ്യ നറുക്ക് എടുക്കുന്നു.<br>• കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്നുവരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. |
| | ജൂൺ - സെപ്റ്റംബർ | • പാറ്റേൺ പൂർത്തിയാക്കാം.<br>വിവിധ സംഖ്യാപാറ്റേൺ പൂർത്തിയാക്കാൻ |

Scanned with OKEN Scanner

| | | | |
|---|---|---|---|
| | ഭാഗ്യവാനെ കണ്ടെത്താം. | • അധ്യാപിക ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>• വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>• ക്രിയ ചെയ്യാം.<br>• ആരുടെ ഉത്തരമാണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. | [illegible]<br>- [illegible] |
| | ജോഡി കണ്ടെത്താം | • വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>• കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>• കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി, ആ കളത്തിൽ ഒട്ടിക്കാം. | |



Scanned with OKEN Scanner

# ENGLISH.

| Learning Outcomes | Activities | Activity details | Duration |
|---|---|---|---|
| • Describes the pictures | Picture description | • The teacher shows a picture.<br>• Discussion<br>• The children talk about the picture.<br>Slow learners.<br>Gives opportunity to express their idea in Malayalam. | June - August. |
| • Arranges word in alphabetical order. | Dictionary. | • Introducing the dictionary.<br>• Gives words.<br>• Arranging words in alphabetical order | July - March. |
| • Adds more exchanges to the conversation suitable to the context | conversation | • Reading the conversation<br>• Conversation is acting with friends.<br>• Adds more exchanges to the conversation.<br>Slow learners:- Gives opportunity to express their idea in Malayalam. | July - March. |

Scanned with OKEN Scanner

| | | | |
|---|---|---|---|
| • Identifies rhyming words from the poem. | Rhyming words. | • plays the audio of the song. • Let the learner sing after the audio. • Discussion • Identifies rhyming words. | July to September. |
| • Adds lines to a poem following a set pattern. | Add more lines. | • plays the audio of song. • Let the learner sing after the audio. • Adds lines to the poem. | July to December. |
| • Reads and understands the given stories and poems. | Let's read. | • provides the opportunity to read simple stories and poems. • They tell the story they read. | December-March. |
| • Makes simple riddles. | Riddles. | • Gives children the opportunity to hear and answer simple riddles. • Make simple riddles | August-March. |
| • Undertakes simple project work given | project works. | • Gives instructions • Data collection • Codifying | October-March. |



Scanned with OKEN Scanner